# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2999

### 18-10-2016 ലെ മറുപടിക്ക്

## അടിസ്ഥാന സൗകര്യ നിക്ഷേപനിധി

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന അടിസ്ഥാന സൗകര്യ സംവിധാനങ്ങൾ ഉപയോഗിക്കുന്ന ആളുകൾ യൂസർ ചാർജ്ജോ മറ്റേതെങ്കിലും തുകയോ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | കിഫ്ബി വഴി ഏറ്റെടുക്കുന്ന സാധാരണ ഗതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾക്ക് യൂസർ ചാർജ്ജോ, ടോളോ, ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കൊന്നും യൂസർ ചാർജ്ജോ, ടോളോ, ഏർപ്പെടുത്തുന്നതല്ല. അതേ സമയം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മെഗാ പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യം വരുന്ന ഘട്ടത്തിൽ യൂസർ ഫീസോ, ടോളോ, ഏർപ്പെടുത്തേണ്ടി വരുമ്പോൾ അതിനു സാധിക്കുന്ന തരത്തിൽ ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് 2016-ലെ 2-ാം വകുപ്പ് പ്രകാരം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏർപ്പെടുത്തുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തം ക്രമീകരിക്കാവുന്നതും അതിൽ |
| (ബി) ഉണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ ഏതെല്ലാമാണ്; | |

| | |
|---|---|
| | സ്വകാര്യ മേഖലാപങ്കാളി ഏറ്റെടുത്തിട്ടുള്ള നിക്ഷേപം, രൂപകൽപ്പന, വികസനം, നിർമ്മാണം, പരിപാലനം, അല്ലെങ്കിൽ പ്രവർത്തനം എന്നിവ ഉൾപ്പെടുന്നതും അതിൽ രൂപകൽപ്പന, നിർമ്മാണം എന്നീ ഘട്ടങ്ങൾക്കുമപ്പുറത്തേക്ക് സ്വകാര്യ മേഖലാപങ്കാളി റിസ്കുകൾ ഏറ്റെടുക്കുന്ന വിധത്തിൽ റിസ്കുകൾ പങ്കുവയ്ക്കുകയും യൂസർ ചാർജ്ജിന്റെയോ വാർഷിക വേതനത്തിന്റെയോ അല്ലെങ്കിൽ യൂണിറ്ററി പെയ്മെന്റിന്റെയോ രൂപത്തിൽ സേവനങ്ങൾക്കുള്ള തുക നൽകലുകൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| **(സി)** യൂസർ ലെവി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് പിൻവലിയ്ക്കാൻ തയ്യാറാകുമോ? | സാധാരണ ഗതിയിലുള്ള പദ്ധതികൾക്ക് യൂസർ ഫീസോ, ടോളോ മറ്റോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. അതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയില്ല. |

(signature)

**സെക്ഷൻ ഓഫീസർ**